# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ഗവേഷണം, നവീകരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് രാജ്യത്തിൻറെ പുതിയ വിദ്യാഭ്യാസ നയമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   President Draupadi Murmu says that the new education policy of the country gives importance to quality education, research and innovation.

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് തുടക്കമായി; പോളണ്ടിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം

   Prime Minister Narendra Modi's Poland-Ukraine visit begins; Prime Minister was accorded a warm welcome in Poland.

3. പ്രഥമ ദേശീയ ബഹിരാകാശ ദിനമായ ഓഗസ്റ്റ് 23 ന് രാജ്യത്തുടനീളം ആഘോഷ പരിപാടികൾ സംഘടിപ്പിക്കും.

   India To Celebrate First National Space Day On August 23.

4. കൊൽക്കത്തയിൽ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട ഡോക്ടറുടെ വിവരങ്ങൾ നീക്കം ചെയ്യാൻ സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമുകളോട് ആവശ്യപ്പെട്ട് വാർത്താ വിനിമയ വിവരസാങ്കേതിക മന്ത്രാലയം.

   The Ministry of Electronics and Information Technology directs social media platforms to remove all identifiable references of Kolkata rape case victim.

5. കേരളത്തിൽ വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാൻ മന്ത്രിസഭാ യോഗ തീരുമാനം

**State Cabinet meeting decided to distribute free Onam kit to all ration card holders in Wayanad landslide affected areas in Kerala**

6. **പാരിസ് ഒളിമ്പിക്സിലെ മികച്ച പ്രകടനത്തിന് ഹോക്കിതാരം പി ആർ ശ്രീജേഷിന് കേരളം 2 കോടി രൂപ പാരിതോഷികം നൽകും.**

   **The Kerala government announces Rs two crore cash reward for Indian hockey stalwart, P R Sreejesh.**

## PM- POLAND

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് തുടക്കമായി. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം. 45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇന്ത്യ-പോളണ്ട് സൗഹൃദം ദൃഢമാക്കാൻ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. പോളിഷ് പ്രസിഡൻറ് ആൺഡ്രേ ഡൂഡ, പ്രധാനമന്ത്രി ഡോണൾഡ് ടസ്ക്, എന്നിവരുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായ പ്രമുഖരുമായും അദ്ദേഹം സംവദിക്കും. മറ്റന്നാൾ യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി ചർച്ച നടത്തും.

## NATIONAL SPACE DAY

പ്രഥമ ദേശീയ ബഹിരാകാശ ദിനമായ ഓഗസ്റ്റ് 23 ന് രാജ്യത്തുടനീളം ആഘോഷ പരിപാടികൾ സംഘടിപ്പിക്കും. "ജീവിതങ്ങളെ സ്പർശിച്ചു കൊണ്ട് ചന്ദ്രനെ തൊടുമ്പോൾ - ഇന്ത്യയുടെ ബഹിരാകാശ ഗാഥ" എന്നതാണ് ഈ വർഷത്തെ പ്രമേയം. സമൂഹത്തിലും സാങ്കേതികവിദ്യയിലും ബഹിരാകാശ പര്യവേക്ഷണത്തിൻ്റെ സ്വാധീനത്തിന് ഊന്നൽ നൽകിയാണ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ മറ്റന്നാൾ നടക്കുന്ന പരിപാടി രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ വർഷം ഓഗസ്റ്റ് 23 ന് ചന്ദ്രയാൻ 3 ദൗത്യം ചന്ദ്രോപരിതലത്തിൽ വിക്രം ലാൻഡർ ഇറക്കിയതിൻറെ സ്മരണയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. അടുത്ത പത്ത് വർഷ

ത്തിനുള്ളിൽ ഇന്ത്യയുടെ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ അഞ്ച് മടങ്ങ് വർധിച്ച് 44 ബില്യൺ ഡോളറിലെത്തുമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ ബഹിരാകാശ ദിനാചരണത്തിൻറെ ഭാഗമായി വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശീയ ബഹിരാകാശ പര്യവേഷണത്തിലെ സുപ്രധാന നേട്ടങ്ങളെ ഉയർത്തിക്കാട്ടുകയും ഭാവിതലമുറയ്ക്ക് പ്രചോദനമാവുകയുമാണ് ദിനാചരണത്തിൻറെ ലക്ഷ്യം.

## PREZ - FARIDABAD INTRO

ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ഗവേഷണം, നവീകരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് രാജ്യത്തിൻറെ പുതിയ വിദ്യാഭ്യാസ നയമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഹരിയാനയിലെ ഫരീദാബാദിൽ ജെ.സി.ബോസ് സയൻസ് ആൻഡ് ടെക്നോളജി സർവകലാശാലയുടെ അഞ്ചാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സാങ്കേതിക വിദ്യയുടെ വികാസത്തോടെ, പുരോഗതിയുടെ പല വഴികൾ തുറന്നതായും ശ്രീമതി മുർമു പറഞ്ഞു.
( വോയിസ് )

## VP - GUJARAT

ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻഖർ വെള്ളിയാഴ്ച ഗുജറാത്ത് സന്ദർശിക്കും. ഗാന്ധിനഗറിലെ നാഷണൽ ഫോറൻസിക് സയൻസ് സർവകലാശാലയിലെ വിദ്യാർത്ഥികളെ അദ്ദേഹം അഭിസംബോധന ചെയ്യും. അഹമ്മദാബാദിലെ ഗുജറാത്ത് സർവ്വകലാശാലയിൽ നടക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥി യായി പങ്കെടുക്കും.

## JAGDEEP DHANKHAR-CONCLAVE

ആഗോളതലത്തിലെ പ്രധാന വെല്ലുവിളിയായ കാലാവസ്ഥാവ്യതിയാനം നേരിടുന്നതിന് എല്ലാ രാജ്യങ്ങളും കൂട്ടായി

പരിശ്രമിക്കണമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. എല്ലാവർക്കുമായുള്ള ഭാവി സൃഷ്ടിക്കുന്നത്, മാനവികതയുടെ സുസ്ഥിരതയ്ക്ക് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. 19-ാമത് സിഐഐ ഇന്ത്യ- ആഫ്രിക്ക ബിസിനസ് കോൺക്ലേവിൻ്റെ ഉദ്ഘാടന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാരം, നിക്ഷേപം, അടിസ്ഥാന സൗകര്യം, ആരോഗ്യ സംരക്ഷണം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലാണ് സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

## RAJNATH - US

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ നാല് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് മറ്റന്നാൾ തുടക്കം. ഇരു രാജ്യങ്ങ ൾക്കുമിടയിലെ നയതന്ത്ര പങ്കാളിത്തം കൂടുതൽ ദൃഢമാക്കാൻ സന്ദർശനം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രതിരോധ രംഗത്തെ ഭാവി സഹകരണം സംബന്ധിച്ച ഉന്നതതല യോഗത്തിൽ രാജ്യരക്ഷാമന്ത്രി പങ്കെടുക്കും. അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായും ശ്രീ രാജ്നാഥ് സിങ്ങ് സംവദിക്കും.

## PM - RBI GOVERNOR

ലോക സാമ്പത്തിക സെൻട്രൽ ബാങ്ക് മേധാവികളുടെ പട്ടികയിൽ തുടർച്ചയായി രണ്ടാം തവണയും എ+ റാങ്ക് നേടിയ റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. സാമ്പത്തിക വളർച്ചയും സുസ്ഥിരതയും ഉറപ്പാക്കുന്ന തിനുള്ള പ്രവർത്തനങ്ങൾക്ക് ശക്തികാന്ത ദാസ് നൽകുന്ന നേതൃത്വത്തിനുള്ള അംഗീകാരമാണ് ഇതെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

## DOCTOR MURDER - SOCIAL MEDIA

ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട, കൊൽക്കത്ത ആർജി കർ ആശുപത്രിയിലെ ഡോക്ടറുടെ വിവരങ്ങൾ നീക്കം ചെയ്യണമെന്ന്

ഇന്ത്യയിലെ സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമുകളോട് വാർത്താവിനിമയ വിവരസാങ്കേതിക മന്ത്രാലയം ആവശ്യപ്പെട്ടു. ഡോക്ടറുടെ വ്യക്തി വിവരങ്ങൾ സംബന്ധിച്ച എല്ലാ പരാമർശങ്ങളും ഫോട്ടോഗ്രാഫുകളും ദൃശ്യങ്ങളും സാമൂഹ്യ മാധ്യമങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ഇത്തരം വിവരങ്ങൾ പ്രചരിപ്പി ക്കുന്നവർക്കെതിരെ കർശന നിയമ നടപടികളുണ്ടാകുമെന്ന് മന്ത്രാലയം അറിയിച്ചു.

## GEORGE KURIAN -MP

രാജ്യസഭാ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രിക സമർപ്പി ക്കാനുളള സമയപരിധി അവസാനിച്ചു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽ നിന്ന് ബിജെപി സ്ഥാനാർത്ഥിയായി രാജ്യ സഭയിലേക്ക് മത്സരിക്കും. കോൺഗ്രസ് നേതാവ് K.C വേണു ഗോപാൽ രാജിവെച്ചതിനെ തുടർന്ന് ഒഴിവു വന്ന രാജസ്ഥാനിലെ രാജ്യസഭാ സീറ്റിൽ കേന്ദ്രമന്ത്രി രവനീത് സിംഗ് ബിട്ടു മത്സരിക്കും. അടുത്ത മാസം മൂന്നിനാണ് രാജ്യസഭാ തിരഞ്ഞെടുപ്പ്.

## CABINET - ONAM

കേരളത്തിൽ A.A.Y. കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാൻ മന്ത്രിസഭായോഗ തീരുമാനം. ഇതിന് 34.29 കോടി രൂപ മുൻകൂറായി സപ്ലൈകോയ്ക്ക് അനുവദിച്ചു. വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാനും തീരുമാനിച്ചു. പാരിസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീം അംഗം പി ആർ ശ്രീജേഷിന് പാരിതോഷികമായി 2 കോടി രൂപ നൽകാനും തീരുമാനമായി.

## GIRL MISSING

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ അസം സ്വദേശിയായ പതിമൂന്നുകാരിയ്ക്ക് വേണ്ടിയുള്ള തെരച്ചിൽ ഊർജിത

മായി തുടരുന്നു. കന്യാകുമാരി, നാഗർകോവിൽ എന്നിവിടങ്ങളിൽ റെയിൽവേ സ്റ്റേഷനുകളിൽ ഉൾപ്പടെയുള്ള സി സി ടി വി ദൃശ്യങ്ങൾ അടിസ്ഥാനമാക്കിയാണ് അന്വേഷണം നടത്തുന്നത്.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ കന്യാകുമാരി എസ് പിയോട് ലോക്കൽ പോലീസിന്റെ സഹായം തേടിയിട്ടുണ്ട്.

## RAIN

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## DURAND CUP

ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. അസമിൽ നടന്ന ആദ്യ ക്വാർട്ടറിൽ ആർമി റെഡിനെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തിയ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് സെമിയിലെത്തി. മേഘാലയയിൽ നടക്കുന്ന മത്സരത്തിൽ ഇപ്പോൾ ഈസ്റ്റ് ബംഗാൾ - ഷില്ലോങ് ലജോങിനെ നേരിടുകയാണ്. വെള്ളിയാഴ്ച കേരള ബ്ലാസ്റ്റേഴ്സ് - ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും.

## STOCK CLOSE+ GOLD RATE

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 102 പോയിന്റ് ഉയർന്നു 80,905-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 71 പോയിന്റ് വർധിച്ച് 24,770- ലും വ്യാപാരം അവസാനിച്ചു.

സ്വർണ വില കൂടി. പവന് 400 രൂപ വർധിച്ച് 53,680 രൂപയും, ഗ്രാമിന് 50 രൂപ കൂടി 6,710 രൂപയുമാണ് ഇന്നത്തെ വില.

## THAILAND - MPOX

തായ്‌ലൻഡിൽ ആദ്യമായി കുരങ്ങു പനിയെന്നു സംശയിക്കുന്ന കേസ് കണ്ടെത്തി. രോഗി കോംഗോ സന്ദർശിച്ചിട്ടുണ്ടെന്ന് സ്ഥിരീകരിച്ചു. ആഫ്രിക്കയ്ക്ക് പുറത്ത് ക്ലേഡ് 1 ബി ഇനത്തിൽപെട്ട കേസുകൾ കണ്ടെത്തുന്ന ആദ്യ രാജ്യങ്ങളാണ് തായ്‌ലാൻഡും സ്വീഡനും.

## BLINKEN - EGYPT

യു എസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കൻ ഈജിപ്തിൽ എത്തി. ഗസയ്ക്ക് മാനുഷിക സഹായം നൽകുന്നതിനും വെടിനിർത്തൽ ചർച്ച കളിൽ മധ്യസ്ഥനെന്ന നിലയിൽ ഈജിപ്ഷ്യൻ പ്രസിഡൻ്റ് അബ്ദുൽ ഫത്താഹ് നടത്തുന്ന ശ്രമങ്ങൾക്കും ബ്ലിങ്കൻ നന്ദി പറഞ്ഞു. മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കൂട്ടായ ശ്രമം തുടരേണ്ടതിൻ്റെ പ്രാധാന്യവും ബ്ലിങ്കെൻ എടുത്തു പറഞ്ഞു.

## RUSSIA - UKRAIN

മോസ്കോ മേഖലയിൽ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 45 യുക്രേനിയൻ ഡ്രോണുകൾ നശിപ്പിച്ചതായി റഷ്യ. മോസ്കോയിൽ ഉണ്ടായ ഏറ്റവും വലിയ ഡ്രോൺ ആക്രമണങ്ങളിലൊന്നാണിതെന്ന് മോസ്കോ മേയർ സെർജി സോബ്യാനിൻ പറഞ്ഞു. കഴിഞ്ഞ ആഴ്ച, ക്രിമിയൻ പാലത്തിന് നേരെ നടന്ന മിസൈൽ ആക്രമണവും കരിങ്കടലിന് മുകളിലൂടെയുള്ള ഡ്രോൺ ആക്രമണവും സൈന്യം ചെറുത്തതായി റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.